(സി) 535 യുവതീ യുവാക്കൾക്ക്

(ഡി)

1.	ട്രെക്കിംഗ്	-	198 പേർക്ക്
2.	പാരാഗ്ലൈയിഡിംഗ്	-	54 പേർക്ക്
3.	റോക്ക് ക്ലൈംപിക്ക്	-	90 പേർക്ക്
4.	ടോ എലോംഗ് ഓപ്പറേഷൻ	-	50 പേർക്ക്
5.	പെരസ്ട്രിയൽ സ്പോർട്സ്	-	56 പേർക്ക്
6.	എയ്റോ സ്പോർട്സ്	-	21 പേർക്ക്
7.	എക്സ്പ്ലോഷൻ	-	16 പേർക്ക്
8.	വാട്ടർ സ്പോർട്സ്	-	50 പേർക്ക്

(ഇ) സൗജന്യ വിദഗ്ദ്ധ പരിശീലനം സൗജന്യ ഭക്ഷണം താമസസൗകര്യം, വിദഗ്ദ്ധ വൈദ്യസഹായം, മെഡിക്കൽ ഇൻഷ്വറൻസ് എന്നിവയാണ് നൽകുന്നത്.

(എഫ്) സാഹസിക പരിപാടിയിലുള്ള താൽപ്പര്യം പൂർണ്ണമായ ആരോഗ്യം എന്നിവ കണക്കിലെടുത്താണ് തെരഞ്ഞടുക്കുന്നത്. ഫിസിക്സ്, കണക്ക് എന്നീ വിഷയങ്ങൾ പഠിച്ചവർക്ക് മുൻഗണനയുമുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ പുരോഗതി വിലയിരുത്തുന്നതിനുള്ള സംവിധാനം

13(*193) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീമതി എൻ. കെ. രാധ :
ശ്രീ. സി. പി. ബാലൻവൈദ്യർ :
ശ്രീമതി. ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമം മുൻനിർത്തി നടപ്പാക്കിവരുന്ന വിവിധ പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനും കുറവുകൾ നീക്കുന്നതിനും എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ; എങ്കിൽ പ്രസ്തുത സംവിധാനത്തിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(ബി) ക്ഷേമ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിന് ജില്ലാതലത്തിൽ ഉദ്യോഗസ്ഥരുടെ യോഗം ചേരാറുണ്ടോ ; എങ്കിൽ പ്രസ്തുത യോഗങ്ങൾ ഓരോ വർഷവും എത്ര തവണ ചേരണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ക്ഷേമ പ്രവർത്തനങ്ങളുടെ അവലോകനയോഗങ്ങൾ താലൂക്ക്, ജില്ലാ, സംസ്ഥാന നിലവാരത്തിൽ നടക്കേണ്ടത് ആവശ്യമാണെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ഡി) എങ്കിൽ അവലോകനയോഗങ്ങൾ താലൂക്ക്, ജില്ലാ, സംസ്ഥാന നിലവാരത്തിൽ ഓരോ വർഷവും കുറഞ്ഞത് രണ്ട് തവണയെങ്കിലും ചേരുന്നതിനും, ക്ഷേമ പ്രവർത്തനങ്ങളുടെ നടത്തിപ്പ് കാര്യക്ഷമമാണോ എന്ന് പരിശോധിക്കുന്നതിനും സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) നിലവിലുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുകൾ, മറ്റ് വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇവ നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികൾ ജില്ലാതലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ ജില്ലാ പ്ലാനിംഗ് കമ്മറ്റി/ജില്ലാതല എസ്.സി/എസ്.റ്റി വികസന കമ്മിറ്റി എന്നിവ വിലയിരുത്തുന്നുണ്ട്. കൂടാതെ ജില്ലാ കളക്ടർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, അഡീഷണൽ ഡവലപ്പ്മെന്റ് കമ്മീഷണർ, ജില്ലാതല എസ്.സി/എസ്. റ്റി വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാർ എന്നിവർ ചേർന്ന് തദ്ദേശസ്ഥാപനങ്ങളിലെ പ്രത്യേക ഘടകപദ്ധതി/എന്നഗിരിവർഗ്ഗ ഉപപദ്ധതി എന്നിവയുടെ നടത്തിപ്പ് അവലോകനം ചെയ്യുന്നുണ്ട്. സംസ്ഥാന തലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറും, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറിയും, വകുപ്പുമന്ത്രിയും പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നുണ്ട്. കൂടാതെ സംസ്ഥാന ഉപദേശകസമിതി, ക്ഷേമ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തി നിർദ്ദേശങ്ങൾ നൽകാറുണ്ട്.

(ബി) ഉണ്ട്. ജില്ലാതല യോഗങ്ങൾ ഓരോ വർഷവും എത്ര തവണ ചേരണമെന്ന് നിർദ്ദേശിച്ചിട്ടില്ല. പട്ടികജാതി താലൂക്ക് വികസന ഓഫീസർമാരുടെ യോഗം എല്ലാ മാസവും 5-ാം തീയതിക്കുമുമ്പ് വിളിച്ചുകൂട്ടി പ്രതിമാസ പുരോഗതി റിപ്പോർട്ട് അയയ്ക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ കുറഞ്ഞത് 2 മാസത്തിലൊരിക്കൽ പട്ടികവർഗ്ഗ വികസന ഡയറക്ടറും സർക്കാർ തലത്തിലും പട്ടികവർഗ്ഗ വികസന വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥൻമാരുടെ യോഗം ചേരാറുണ്ട്.

(സി) ഉണ്ട്.

(ഡി) ഇപ്പോഴത്തെ ഈ സംവിധാനം നിലനിൽക്കുന്നുണ്ട്. സംസ്ഥാന തലത്തിൽ രണ്ടു പ്രാവശ്യം യോഗം കൂടുന്ന കാര്യം സർക്കാർ പരിഗണിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly